**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 1018

05.02.2020 -ലെ മറുപടിയ്ക്ക്

## തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തൊഴിൽ സൗഹൃദമാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>ബി) തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിനും നല്ല തൊഴിലാളി - തൊഴിലുടമ ബന്ധം ഉറപ്പാക്കുന്നതിനും തൊഴിൽ മേഖലകളിലെ അനാരോഗ്യപ്രവണതകൾ നിർത്തലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) യും (ബി) യും<br><br>1) തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട തൊഴിലാളി-തൊഴിലുടമ ബന്ധം ഉറപ്പാക്കുന്നതിനും തൊഴിൽ മേഖലകളിലെ അനാരോഗ്യ പ്രവണതകൾ നിർത്തലാക്കുന്നതും ലക്ഷ്യമിട്ട് ബന്ധപ്പെട്ട എല്ലാവരുമായി ചർച്ചകൾ നടത്തുകയും അതിനു തുടർച്ചയായി വിശദമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് നിയമവിരുദ്ധമായി കണക്കാക്കുന്നതും ചട്ടപ്രകാരം മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.<br><br>2) Ease of Doing Business-ന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച Kerala Investment Promotion & Facilitation നിയമം, 2018 പ്രകാരം 1960-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ സെക്ഷൻ 5 എ-യിൽ ഭേദഗതി വരുത്തി ഷോപ്പ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷന് അപേക്ഷിക്കുന്ന അന്ന് തന്നെ രജിസ്ട്രേഷൻ ലഭ്യമാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിലെ വകുപ്പ് 9-നു ശേഷം 9 എ എന്ന വ്യവസ്ഥ പുതുതായി ഉൾപ്പെടുത്തുകയും ഇതു പ്രകാരം തൊഴിലുടമയ്ക്ക് തന്റെ സ്ഥാപനത്തിലെ കയറ്റിറക്ക് ജോലികൾ നിർവ്വഹിക്കുന്നതിനായി ടി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ ഉപയോഗിക്കാവുന്നതും, എന്നാൽ സ്കിൽ, യന്ത്രസഹായം ആവശ്യമുള്ള ജോലിയാണെങ്കിൽ ആയതിലേക്ക് പ്രാവീണ്യമുള്ള തൊഴിലാളികളെ ഉപയോഗിക്കാവുന്നതുമാണെന്ന വ്യവസ്ഥ കൊണ്ടുവരികയും ചെയ്തു.<br><br>3) സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ |

സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ലൈസൻസ്, രജിസ്ട്രേഷൻ, റിന്യൂവൽ, അമെൻറ്മെന്റ് തുടങ്ങിയ സേവനങ്ങൾ കൂടുതൽ എളുപ്പത്തിലാക്കുന്നതിനു വേണ്ടി, പോർട്ടലിൽ ഓൺലൈൻ പേയ്മെന്റ് സൗകര്യം സജ്ജമാക്കിയിട്ടുണ്ട്.

4) സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു വേണ്ടി 2018 ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തി വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5) 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

6)തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സേവന വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ സ്ഥാപന ഉടമകളെ പ്രോത്സാഹനം നൽകി, അംഗീകരിക്കുന്നതിനായി കേരള ഷോപ്പ് ആൻ കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, കേരള ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങൾക്ക് 2017 മുതൽ ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

7)അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുന്നത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

8) കേരളത്തിൽ ആകമാനം നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് വാടകയ്ക്ക് നല്ല നിലവാരത്തിലുള്ളതും മാന്യവും സുരക്ഷിതവുമായ താമസൗകര്യം നൽകുന്നതിനായി സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി പ്രഖ്യാപിച്ചു.

9)കേരളത്തിൽ തൊഴിലിനായി എത്തുന്ന അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികളിൽ അധികംപേർക്കും തൊഴിൽ ദാതാവ് താമസസൗകര്യം നൽകാത്തതിനാൽ ഇവർ വൃത്തിഹീനമായ ചുറ്റുപാടിൽ താമസിക്കുവാൻ നിർബന്ധിതരാകുന്നത് പകർച്ച വ്യാധികളിലേയ്ക്കും മറ്റ് സാമൂഹിക പ്രശ്നങ്ങളിലേയ്ക്കും നയിക്കുന്നു. തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കുടിയേറ്റ തൊഴിലാളികൾക്കായി വാടകയ്ക്ക് ചെലവ് കുറഞ്ഞ

താമസസൗകര്യം ഏർപ്പെടുത്തുന്ന അപ്നാഘർ പദ്ധതി നടപ്പിലാക്കി.

10) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമാക്കി തൊഴിൽ വകുപ്പ് ആരംഭിച്ച 'ആവാസ്' ഇൻഷുറൻസ് പദ്ധതിയിൽ ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കൂടാതെ ഇവർക്കായി ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്.

11) തോട്ടം മേഖലകളിലെ തൊഴിൽ സാഹചര്യം വേതന വ്യവസ്ഥ, നഗര സൗകര്യങ്ങളുടെ കുറവ് മോശമായ അടിസ്ഥാന സൗകര്യങ്ങൾ മുതലായവ കണക്കിലെടുത്ത് തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ഭവനസൗകര്യം "ഓൺ യുവർ ഓൺ ഹൗസിംഗ്" ഭവന പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

12) തോട്ടം മേഖലയിലെ മിനിമം വേതനം സമയ ബന്ധിതമായി പുതുക്കുന്നതിന് നടപടി സ്വീകരിച്ചു.

13) വിവധ മേഖലയിലെ തൊഴിലാളികളുടെ സേവന മികവ് പരിഗണിച്ച് " തൊഴിലാളി ശ്രേഷ്ഠ" അവാർഡ് പ്രഖ്യാപിച്ചു.

14) തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കി.

| | |
|---|---|
| സി) തൊഴിലാളികൾക്ക് സേവന കാലയളവിലും തുടർന്നും ന്യായമായ വേതനവും ആരോഗ്യ സുരക്ഷയും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നു. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്-1960, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്-1961, പേയ്മെന്റ് ഓഫ് ബോണസ് ആക്ട്-1965, പേയ്മെന്റ് ഓഫ് വേജസ് ആക്ട്-1936 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് ജുഡീഷ്യൽ മജിസ്ട്രേറ്റ് |

കോർട്ടിൽ എസ്.റ്റി കേസുകളും ഫയൽ ചെയ്തു വരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെൻറ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കി വരുന്നു. വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ സ്ഥാപനപരിശോധനകളും നടത്തിവരുന്നു.

ഡി) തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും തൊഴിൽ വകുപ്പിന്റെ കീഴിൽ കോൾ സെന്റർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ഡി) ഉണ്ട്. കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**